**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2026     10.10.2011 ൽ മറുപടിക്ക്.**

**<u>പൊന്നാനി താലൂക്ക് ആശുപത്രിയിലെ അപര്യാപ്തതകൾ</u>**

**ചോദ്യം**

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

**എ)**

പൊന്നാനി താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ കുറവുമൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ബി)**

ഡോക്ടർമാരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

**സി)**

നേഴ്സിംഗ് ക്വാർട്ടേഴ്സില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കാൻ ശ്രദ്ധിക്കുമോ;

**ഡി)**

രക്തബാങ്കിന്റെ അഭാവം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

**ഇ)**

മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ ശോചനീയാവസ്ഥ അടിയന്തിരമായി പരിഹരിക്കുമോ?

**മറുപടി**

**ശ്രീ. അടൂർ പ്രകാശ്**
(ആരോഗ്യവും കയറും വകുപ്പു മന്ത്രി)

**എ) & ബി)**

3 തസ്തികകളിൽ ഒഴിവുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത തസ്തികകളിലെ 2 ഒഴിവുകളിൽ താൽക്കാലികമായി ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. മറ്റു ഒരു ഒഴിവ് നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

**സി)**

ക്വാർട്ടേഴ്സ് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

**ഡി)**

രക്തബാങ്കിന്റെ അഭാവം പരിഹരിക്കുവാൻ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ മുഴുവൻ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

**ഇ)**

മാലിന്യ സംസ്കരണപ്ലാന്റ് ഇപ്പോൾ പ്രവർത്തനരഹിതമാണ്. തുരുമ്പ് പിടിച്ച ചിമ്മിനി സിഡ്കോ അഴിച്ചുമാറ്റിയിട്ടുണ്ട്. തീരദേശമേഖലയായതിനാൽ സ്റ്റെയിൻലസ് സ്റ്റീൽ കൊണ്ടുള്ള ചിമ്മിനി നിർമ്മിച്ചാൽ മാത്രമേ പ്രവർത്തിപ്പിക്കാനാവൂ എന്ന് സിഡ്കോ അഭിപ്രായപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**